പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2688

20.3.2015--ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.ഉമ്മർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ഒന്നാം ഘട്ടത്തിൽ സ്വയംഭരണ അംഗീകാര സമിതി ശുപാർശ ചെയ്ത 13 കോളേജുകളിൽ 9 കോളേജുകൾക്ക് യു.ജി.സി സ്വയം ഭരണ പദവി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | എത്ര കോളേജുകൾ സ്വയംഭരണാവകാശത്തിന് അപേക്ഷ നൽകിയിട്ടുണ്ട്; | (ബി) | 32 |
| (സി) | പഠന നിലവാരം ഉയർത്തുന്നതിനും, സ്വയംഭരണാവകാശം ദുരുപയോഗം ചെയ്യപ്പെടില്ലെന്ന് ഉറപ്പാക്കുന്നതിനും എന്തൊക്കെ മുൻകരുതലുകളും വ്യവസ്ഥകളും നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശുപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിയ്ക്ക് അധികാരമുണ്ട്. സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ